## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 18** **28.01.2019 -ൽ മറുപടിക്ക്.**

# കേന്ദ്ര സർക്കാർ അനുവദിച്ച മണ്ണെണ്ണ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ**<br>**,, മുല്ലക്കര രത്നാകരൻ**<br>**,, ഇ.ടി. ടൈസൺ മാസ്റ്റർ**<br>**,, മുഹമ്മദ് മുഹസിൻ പി :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |

| | |
|---|---|
| **(എ)** റേഷൻ പഞ്ചസാരക്ക് കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | **(എ)** ഉണ്ട്. കിലോഗ്രാമിന് 18.50 രൂപയാണ് കേന്ദ്ര സബ്സിഡിയായി ലഭ്യമാകുന്നത്.<br>കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം പഞ്ചസാര വിതരണം എ.എ.വൈ. വിഭാഗത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ആയതനുസരിച്ച് സംസ്ഥാനത്തെ 5,95,800 എ.എ.വൈ. കാർഡുകൾക്ക് പ്രതിമാസം 1 കിലോഗ്രാം വീതം പഞ്ചസാര നൽകുന്നതിനായി 595.8 മെ.ടൺ ആണ് നിലവിലെ പ്രതിമാസ അലോട്ട്മെന്റ്. ആയതനുസരിച്ച് സംസ്ഥാനത്ത് വിതരണം നടത്തുന്നതിനുള്ള പഞ്ചസാര സപ്ലൈകോ പൊതുവിപണിയിൽ നിന്നും ഇ-ടെണ്ടർ/ഇ-ഓക്ഷൻ വഴി വാങ്ങി വാതിൽപ്പടിയായി റേഷൻ കടകളിൽ എത്തിക്കുന്നു.<br>ത്രൈമാസ ക്ലെയിം സ്റ്റേറ്റ്മെന്റ് കേന്ദ്രസർക്കാരിലേക്ക് സമർപ്പിച്ച് പഞ്ചസാര സബ്സിഡി നേരിട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. പഴയ സ്കീം അനുസരിച്ച് ബിപി.എൽ /എ.എ.വൈ. വിഭാഗത്തിന് വിതരണം നടത്തുന്നതിനുള്ള പ്രതിമാസ അലോട്ട്മെന്റായ 4103 മെ.ടൺ ലഭ്യമായിരുന്നപ്പോഴും 18.50 രൂപ/ കിലോഗ്രാം ആണ് കേന്ദ്ര സബ്സിഡി ആയി ലഭ്യമായിരുന്നത്. |
| (ബി) പ്രളയസമയത്ത് കേന്ദ്ര സർക്കാർ മണ്ണെണ്ണ അനുവദിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാർ 12,000 കിലോ ലിറ്റർ മണ്ണെണ്ണ നോൺ സബ്സിഡി നിരക്കിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഈ മണ്ണെണ്ണയുടെ എക്സ് ഇൻസ്റ്റലേഷൻ വിലയിൽ ഓരോ മാസവും വ്യത്യാസം വരുന്നതനുസരിച്ചുള്ള മണ്ണെണ്ണയുടെ വിൽപ്പന വില ചുവടെ ചേർക്കുന്നു. |

| | കാലയളവ് | വില/കി.ലി. |
|---|---|---|
| 1 | 01.10.18 - 31.10.18 | 47 |
| 2 | 01.11.18 - 30.11.18 | 49 |
| 3 | 01.12.18 - 31.12.18 | 44 |
| 4 | 01.01.19 - 31.01.19 | 37 |

ടി മണ്ണെണ്ണയിൽ നിന്നും 2018 ഒക്ടോബറിൽ 4056 കിലോ ലിറ്ററും, ഡിസംബറിൽ 4104 കിലോ ലിറ്ററും പ്രളയ ബാധിത ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. പൊതുവേ വില കൂടിയ മണ്ണെണ്ണയ്ക്ക് ആവശ്യകത കുറവായതിനാൽ വിട്ടെടുപ്പിൽ കാര്യമായ പുരോഗതി ഇല്ല.

**(സി)** ഈ മണ്ണെണ്ണ ഏതൊക്കെ വിഭാഗക്കാർക്കാണ് നൽകേണ്ടതെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

**(സി)** ടി മണ്ണെണ്ണ പ്രളയ ബാധിത പ്രദേശങ്ങളിലെ കാർഡുടമകൾക്കും, മത്സ്യതൊഴിലാളി കുടുംബങ്ങൾക്കും കൂടാതെ, വ്യക്തികൾക്കോ, സ്ഥാപനങ്ങൾക്കോ ഒറ്റത്തവണ സ്പെഷ്യൽ പെർമിറ്റായും (20 ലിറ്റർ വരെ) വിതരണം ചെയ്യുന്നതിന് തീരുമാനം ആയിട്ടുണ്ട്.

**(ഡി)** അനുവദിച്ച മണ്ണെണ്ണ പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**(ഡി)** അനുവദിച്ച മണ്ണെണ്ണ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല. നോൺ സബ്സിഡി മണ്ണെണ്ണയുടെ വിൽപ്പന വില കൂടുതലായത് കാരണം വിൽപ്പന കുറവായതിനാലും, സബ്സിഡി മണ്ണെണ്ണയോടൊപ്പം ടി മണ്ണെണ്ണ കൂടി കെ.ഡബ്ല്യൂ.ഡി./എ.ആർ.ഡി.കളിൽ സംഭരിച്ച് വയ്ക്കുന്നതിനുള്ള സ്ഥല പരിമിതി മൂലവും വിട്ടെടുക്കൽ-വിതരണം എന്നതിന് ആനുപാതികമായാണ് അനുവദിച്ചു വരുന്നത്.

***സെക്ഷൻ ഓഫീസർ***